"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ CMLRRP പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളിൽ ടാറിന്റെ വില വർദ്ധനവിനെത്തുടർന്ന് ടാറിന്റെ അധിക വിലയായ തുക CMLRRP ടെൻഡർ സേവിംഗ്സിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇഡബ്ല്യു-ബി) വകുപ്പ്

സ.ഉ.(കൈ) നം.287/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/12/2021

---

പരാമർശം:-

1. 25/09/2020-ലെ സഉ(സാധാ)നം. 5502/2020/ധന
2. 26/08/2021 -ലെ സഉ(സാധാ) നം. 1622/2021/ത.സ്വ.ഭ.വ
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.09.2021 ലെ ഡിബി4/7987/ CMLRRP/2/സിഇ/എൽ.ഐ.& ഇ.ഡബ്ല്യു നമ്പർ കത്ത്

**ഉത്തരവ്**

ടാറിന്റെ വില വർദ്ധനയെ തുടർന്ന് പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടാറിന്റെ അധിക വില അനുവദിച്ച് നൽകിയ പരാമർശം(1) ലെ ഉത്തരവ് CMLRRPയുടെ കീഴിലെ പ്രവൃത്തികൾക്ക് കൂടി ബാധകമാക്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക ഏത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം സ്പഷ്ടീകരണം ആരാഞ്ഞിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ CMLRRP പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളിൽ ടാറിന്റെ വില വർദ്ധനവിനെ തുടർന്നുണ്ടായ ടാറിന്റെ അധിക വിലയായ തുക CMLRRP ടെൻഡർ സേവിംഗ്സിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ട്രഷറി ഡയറ്കടർ

ധനകാര്യ വകുപ്പ്

റവന്യൂ വകുപ്പ് (ഡിആർഎഫ്) വകുപ്പ്

പൊതുഭരണ (എസ് സി) വകുപ്പ്(01-12-2021 ലെ ഇനം നമ്പർ, 398)

അക്കൗണ്ടന്റ് ജനറൽ (എ&ഇ), ആഡിറ്റ്, എൽബിഎ &എ)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ (തദേശസ്വയംഭരണവകുപ്പെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-12-2021

ഫയൽ നം. ഇ.ഡബ്ല്യൂ.ബി.2/50/2021/തസ്വഭവ. ഇനം നം: 398

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരുന്ന CMLRRP പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളിൽ ടാറിന്റെ അധിക വിലയായ തുക CMLRRP ടെൻഡർ സേവിംഗ്സിൽ നിന്നും നൽകുന്നതിന് അനുമതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

398

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ.ഡബ്യൂ.ബി2/50/2021/തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശസ്വയം ഭരണ(ഇ.ഡബ്ല്യ.ബി) വകുപ്പ് |
| 3 | വിഷയം | : | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരുന്ന CMLRRP പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളിൽ ടാറിന്റെ അധിക വിലയായ തുക CMLRRP ടെൻഡർ സേവിംഗ്സിൽ നിന്നും നൽകുന്നതിന് അനുമതി സംബന്ധിച്ച്. |
| 4 | മന്ത്രിസഭ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 28.10.2021 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) ആണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, റവന്യൂ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.പ്രീത.കെ.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.11.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.11.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 24.11.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25.11.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടന്നു വരുന്ന CMLRRP പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളിൽ ടാറിന്റെ വില വർദ്ധനവിനെത്തുടർന്ന് ടാറിന്റെ അധിക വിലയായ തുക CMLRRP ടെൻഡർ സേവിംഗ്സിൽ നിന്നും നൽകുന്നതിന് അനുമതി സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ടാറിന്റെ വില വർദ്ധനയെ തുടർന്ന് പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടാറിന്റെ അധിക വില അനുവദിച്ച നൽകിയ 25/09/2020-ലെ സഉ(സാധാ)നം. 5502/2020/ധന ഉത്തരവ് CMLRRP യ്ക്ക കീഴിലെ പ്രവൃത്തികൾക്ക് കൂടി ബാധകമാക്കി 26/08/2021 -ലെ സഉ(സാധാ) നം. 1622/2021/ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്നാൽ മേൽ ഉത്തരവിൽ പ്രസ്തുത തുക ഏത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന് പ്രതിപാദിച്ചിട്ടിരുന്നില്ല. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു. പ്രസ്തുത തുക CMLRRP പ്രവൃത്തികളിലെ സേവിംഗ് തുകയിൽ നിന്നും കണ്ടെത്തുന്നതാകും ഉചിതം എന്ന് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്

3) CMLRRP പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണത്തിന് ബിറ്റുമിൻ കോസ്റ്റായി 100 കോടി രൂപാ അധികമായി കണ്ടെത്തേണ്ടതായിട്ടുണ്ട്. 1000 കോടി രൂപ അടങ്കൽ തുകയുള്ള CMLRRP പദ്ധതിയ്ക്ക് കീഴിൽ നാളിതുവരെ 989.3631 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്(10.6369 കോടി രൂപ ബാലൻസ് ) . 07/07/2021-ലെ സഉ(സാധാ) നമ്പർ: 1279/2021/തസ്വഭവ ഉത്തരവു പ്രകാരം CMLRRP പദ്ധതിയ്ക്ക കീഴിൽ മുൻപ് ഭരണാനുമതി നൽകിയിരുന്ന 204 പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാക്കിയത് വഴി **44.2486** കോടി രൂപയോളം നീക്കിയിരിപ്പ് ഉണ്ടായിട്ടുണ്ട് . ഇതുവഴി നിലവിൽ CMLRRP യ്ക്കായി അനുവദിച്ച 1000 കോടി രൂപയിൽ 54.8855 (10.6369+ 44.2486) കോടി രൂപ അവശേഷിച്ചിട്ടുണ്ട്. നാളിതുവരെ കരാർ ഉറപ്പിച്ച പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ **38.21** കോടി രൂപാ കണക്കാക്കിയിട്ടുണ്ട് ഇതുകൂടി കണക്കിലെടുക്കുമ്പോൾ CMLRRP പദ്ധതിയുടെ അടങ്കൽ തുകയായ 1000 കോടി രൂപയിൽ **93.0955** (54.8855+38.21) കോടി രൂപാ അവശേഷിക്കുന്നുണ്ടെന്ന ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

ഈ സാഹചര്യത്തിൽ ടാർ വില വർദ്ധന നേരിടുന്നതിലേക്ക് 6.9045 കോടി രൂപാ കൂടി അധികമായി കണ്ടെത്തിയാൽ മതിയാവും.

4) ഇത് സംബന്ധിച്ച് അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിന് നൽകുകയും ടി വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം അറിയിച്ചിട്ടുണ്ട്.

"നിലവിൽ റോഡ് പ്രവൃത്തികൾക്ക് ടാറിന്റെ അധിക വില അനുവദിച്ച് നൽകുന്നത് CMLRRP യ്ക്ക് കീഴിലെ പ്രവൃത്തികൾക്ക് കൂടി 26/03/2021 ലെ സ.ഉ(സാധാ) നം.1622/2021/ത.സ്വ.ഭ.വ പ്രകാരം ബാധകമാക്കിയിട്ടുള്ള സാഹചര്യത്തിൽ അധികമായി വേണ്ടി വരുന്ന തുക CMLRRP പ്രവൃത്തികളിലെ സേവിംഗ് തുകയിൽ നിന്നും കണ്ടെത്തുവാൻ അനുമതി നൽകാവുന്നതാണെന്നു ഭരണവകുപ്പിനെ അറിയിക്കുന്നു"

5) മേൽ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ കൂടി അഭിപ്രായം ആരായുകയും ടി വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം അറിയിച്ചിട്ടുണ്ട്.

"മേൽ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് ടാറിന്റെ അധിക വില അനുവദിച്ചു നല്കുന്നതിനു CMLRRP ക്കു കീഴിലെ പ്രവൃത്തികൾക്കുകൂടി 26/8/2021 സർക്കാർ ഉത്തരവ് (സാധ ) 1622 / 2021 / LSGD പ്രകാരം ബാധകമാക്കിയിട്ടുള്ള സാഹചര്യത്തിൽ അധികമായി വേണ്ടിവരുന്ന തുക CMLRRP പ്രവൃത്തികളിലെ സേവിങ്സ് തുകയിൽ നിന്നും കണ്ടെത്തുന്നത് , ത സ്വ ഭ വ - ന്റെ ഭരണപരമായ വിഷയമായതിനാൽ ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം ടി വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ഫയൽ ഭരണ വകുപ്പിന് മടക്കി നൽകുന്നു"

**തീരുമാനിക്കേണ്ട വിഷയം**

CMLRRP പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളിൽ ടാറിന്റെ വില വർദ്ധനവിനെ തുടർന്ന് ബിറ്റുമിന്റെ അധിക വിലയായ തുക CMLRRP ടെൻഡർ സേവിംഗ്സിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകാമോ?